**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പാലക്കാട് ജില്ല - വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് - ക്ലീൻ വടക്കാഞ്ചേരി പദ്ധതി - താത്ക്കാലിക ജീവനക്കാർക്ക് ദിവസവേതനം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 188/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 20/01/2018

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 22/12/2017 ലെ ജി1-42652/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 'ക്ലീൻ വടക്കാഞ്ചേരി' പദ്ധതിയുടെ ഭാഗമായി മാലിന്യ ശേഖരണത്തിനും ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുമായി 2017 ജൂൺ മുതൽ പതിമൂന്ന് തൊഴിലാളികൾ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നുവെന്നും, ടി താത്ക്കാലിക തൊഴിലാളികൾക്ക് മറ്റൊരു സംവിധാനം ഉണ്ടാകുന്നതു വരെ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് 01/07/2017 മുതൽ ദിവസ വേതനം അനുവദിക്കുന്നതിന് അനുമതിക്കായി, വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം ഉൾപ്പെടെ, പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 'ക്ലീൻ വടക്കാഞ്ചേരി' പദ്ധതിയുടെ ഭാഗമായി മാലിന്യ ശേഖരണത്തിനും ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുമായി നിയമിച്ച ദിവസവേതന തൊഴിലാളികൾക്ക് 01.07.2017 മുതൽ 179 ദിവസം വരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വേതനം അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
പ്രസിഡന്റ്/സെക്രട്ടറി, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്, വടക്കാഞ്ചേരി പി.ഒ, പാലക്കാട് - 678683
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.